# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പഞ്ചായത്തുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്ന നടപടി</u>

374 ശ്രീ. സി. പി. മുഹമ്മദ്
'' സണ്ണി ജോസഫ്
'' വര്‍ക്കല കഹാര്‍
'' എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഗ്രാമസഭാംഗങ്ങള്‍ക്കും വോട്ടര്‍മാര്‍ക്കും പരിശീലനപരിപാടി തുടങ്ങുമോ;

(സി) ഇതിന് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഓരോ പഞ്ചായത്തില്‍നിന്നും നിശ്ചിത എണ്ണം ആള്‍ക്കാരെ തെരഞ്ഞെടുത്ത് ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ പരിശീലനം നല്‍കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി</u>

375 ശ്രീ. വി. എസ്. സുനിൽകുമാർ
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീത ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പഞ്ചായത്തുകളിൽ രൂപീകരിച്ചു ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ഘടന എന്താണെന്നും ഈ കമ്മിറ്റി രൂപീകരിക്കാത്ത പഞ്ചായത്തുകളിൽ അവ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പഞ്ചായത്തു തലത്തിൽ പഞ്ചവത്സര പദ്ധതി ആരംഭിക്കാൻ നടപടി

376 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ മുഖേനയുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണവും നിർവ്വഹണവും കുറ്റമറ്റതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പഞ്ചായത്തു തലത്തിൽ പഞ്ചവത്സര പദ്ധതികൾ ആരംഭിക്കുന്ന കാര്യത്തിൽ നിലപാട് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കിലയ്ക്ക് കല്പിത സർവ്വകലാശാല പദവി നൽകുന്ന നടപടി</u>

377 ശ്രീ. പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലയ്ക്ക് കല്പിത സർവ്വകലാശാല പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമാക്കാൻ കില വഴി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി

378 ശ്രീ.സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ.പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ വാർഷിക പദ്ധതിക്കുപകരമായി പഞ്ചവത്സരപദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരണം</u>

379 ശ്രീ.ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്കുവേണ്ടി പ്രോപ്പർട്ടിടാക്സ് ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം 13-ാം ധനകാര്യകമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവോ ;

(ബി) എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ;

(സി) ബോർഡ് രൂപീകരണത്തിന് കഴിഞ്ഞ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുകയുണ്ടായോ ;

(ഡി) ബോർഡ് രൂപീകരിക്കണമെന്ന് ധനകാര്യ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പൊതു ശ്മശാനങ്ങൾ

380 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ പൊതുശ്മശാനം ഉണ്ട് ;

(ബി) അടുക്കളയിൽ പോലും മൃതദ്ദേഹങ്ങൾ അടക്കം ചെയ്യേണ്ട സാഹചര്യം ഇപ്പോഴും പല പ്രദേശങ്ങളിലും നിലനിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ വസ്തുത കണക്കിലെടുത്ത് എല്ലാ ജാതിമത വിഭാഗങ്ങളിൽപ്പെട്ടവർക്കും ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള പൊതു ശ്മശാനങ്ങൾ എല്ലാ പഞ്ചായത്തുകളിലും നിർമ്മിക്കാനുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് അംഗീകാരം

381 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് അംഗീകാരം ലഭിയ്ക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിര പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുളള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ;

(സി) ഉദ്യോഗസ്ഥ പുനർവിന്യാസം വഴി പഞ്ചായത്തുകൾക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഗ്രാമസഭകളിൽ ജനപങ്കാളിത്ത പദ്ധതി രൂപീകരണം സംബന്ധിച്ച നടപടി

382 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർഡുതല ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറയുന്നതും പദ്ധതി രൂപീകരണത്തിൽ ജനഭിലാഷം പ്രതിഫലിക്കാത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമസഭാംഗങ്ങൾക്ക് അവബോധം നൽകുന്നതിനായി പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കുമോ ;

(സി) ഗ്രാമസഭാ സംഘാടനം, നടത്തിപ്പ് എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പൗരവകാശ രേഖ

383 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും വർഷാവർഷം പുതുക്കി പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പൗരവാകാശരേഖ പ്രസിദ്ധീകരിക്കുകയും പുതുക്കുകയും ചെയ്യാത്ത ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

കര്‍ഷകത്തൊഴിലാളികള്‍ക്ക് അനുവദിച്ച പണം വിതരണം ചെയ്യാതിരുന്ന സംഭവം

384 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ജോസഫ് വാഴക്കന്‍
,, ഹൈബി ഈഡന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഓണത്തിനുമുമ്പ് കര്‍ഷകത്തൊഴിലാളികള്‍ക്ക് വിതരണം ചെയ്യാന്‍ സര്‍ക്കാര്‍ അനുവദിച്ച പണം ഭൂരിപക്ഷം പഞ്ചായത്തുകളും വിതരണം ചെയ്യാതിരുന്ന സംഭവം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ വിതരണം ചെയ്യാതിരുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാര്‍ക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) എങ്കില്‍ എന്തെല്ലാം നടപടികളാണ് എടുക്കാന്‍ ഉദ്ദേശിക്കുന്നത്;

(ഡി) ഇത്തരമൊരു സംഭവം ഉണ്ടാകാന്‍ ഇടയായ സാഹചര്യമെന്താണെന്ന് അന്വേഷിക്കുമോ;

(ഇ) മേലില്‍ ഗവണ്‍മെന്റ് അനുവദിക്കുന്ന പണം പഞ്ചായത്തുകള്‍ വഴി വിതരണം ചെയ്യാന്‍ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ബി.പി.എൽ. ലിസ്റ്റ് പുനഃപരിശോധിക്കാൻ നടപടി

385 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തെ കണ്ടെത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സർവ്വെ നടത്തി തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റ് പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മത്സ്യത്തൊഴിലാളികളെ എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ സമ്പൂർണമായി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കൽ</u>

386 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം.പി. വിൻസെന്റ്
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പ്രവർത്തന രീതി എന്നിവ എങ്ങനെയായിരിക്കണമെന്നാണ് കരുതുന്നത് ;

(ബി) പഞ്ചായത്തുകൾക്കുവേണ്ടി ഇങ്ങനെയൊരു ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം 13-ാം ധനകാര്യ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവോ ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ബോർഡ് രൂപീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെങ്കിലും നടപടികൾ കൈകൊണ്ടിട്ടുണ്ടോ ; ബോർഡ് രൂപീകരിക്കുന്നതിന് ധനകാര്യ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്ന പദ്ധതികൾ</u>

387

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സ്ഥാപനങ്ങളുടെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ലോകബാങ്കിന്റെ സഹായം ലഭിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമാണ് എന്നും അടങ്കൽ തുക എത്രയാണ് എന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന വിഹിതം എത്ര;

(ഇ) പ്രസ്തുത പദ്ധതിയുടെ കാലാവധി എന്നുവരെയാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ഗ്രാമസഭാ യോഗങ്ങൾ</u>

388 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും**
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നത് സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ഗ്രാമസഭ വിളിച്ചുചേർക്കേണ്ടതും അദ്ധ്യക്ഷം വഹിക്കേണ്ടതും നോട്ടീസ് നൽകേണ്ടതും ആരാണ്;

(സി) ഗ്രാമസഭയുടെ മിനിറ്റ്സ് തയ്യാറാക്കേണ്ടതും സൂക്ഷിക്കേണ്ടതും ആരാണ്;

(ഡി) രണ്ട് പ്രാവശ്യം തുടർച്ചയായി സഭ ചേരാതിരുന്നാൽ വാർഡ് മെമ്പർ അയോഗ്യനാകുമെന്ന് നിയമ വ്യവസ്ഥയുണ്ടോ;

(ഇ) ഗ്രാമസഭ വിളിച്ചുചേർക്കേണ്ടത് പ്രസിഡണ്ട് ആവുകയും, നോട്ടീസ് കൊടുക്കേണ്ടത് സെക്രട്ടറിയാവുകയും മിനിട്സ് തയ്യാറാക്കേണ്ടത് കോ-ഓർഡിനേറ്റർ ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങളിലൊന്നും ഉത്തരവാദിത്തമില്ലാത്ത മെമ്പറെ മാത്രം അയോഗ്യനാക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ;

(എഫ്) നിയമത്തിനനുസൃതമായി പ്രസിഡണ്ടിനെക്കൂടി അയോഗ്യനാക്കുന്നതിന് ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>വാര്‍ഡ്തല സമിതികള്‍</u>

389 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് ഗ്രാമസഭകള്‍ക്ക് വാര്‍ഡ്തല സമിതികള്‍ ഉണ്ടോ;

(ബി) എങ്കില്‍ ഇതില്‍ എത്ര മെമ്പര്‍മാര്‍ വേണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) ഇതിലേക്ക് അംഗങ്ങളെ നിയോഗിക്കുന്നതില്‍ വാര്‍ഡ് മെമ്പര്‍ക്ക് എന്ത് പങ്കാണുള്ളത്;

(ഡി) ആരാണ് വാര്‍ഡ്തല സമിതിയിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യേണ്ടത്;

(ഇ) ഗ്രാമസഭകളുടെ തീരുമാനത്തിന് വിരുദ്ധമായി വാര്‍ഡ്തല സമിതികള്‍ക്ക് തീരുമാനമെടുക്കാന്‍ സാധിക്കുമോ;

(എഫ്) വാര്‍ഡ്തല സമിതള്‍ വിളിച്ചു കൂട്ടേണ്ടത് ആരാണ്;

(ജി) അദ്ധ്യക്ഷം വഹിക്കേണ്ടതും മിനിറ്റ്സ് എഴുതേണ്ടതും ആരാണ്?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ഫ്രണ്ട് ഓഫീസ് സംവിധാനം</u>

390 ശ്രീമതി.കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ അധികാരങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഫ്രണ്ട് ഓഫീസ് സംവിധാനത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് പരാതികളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്ക്കുളുകൾ</u>

391 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്ക്കുളുകളിൽ പഠിപ്പിക്കുന്ന ടീച്ചർമാരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ യോഗ്യത നേടിയവരാണോ ഇത്തരം സ്ക്കുളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഓരോ പഞ്ചായത്തിനും ഒരു കളിക്കളം

392 പ്രൊഫ: സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഓരോ പഞ്ചായത്തിനും ഒരു കളിക്കളം എന്ന പദ്ധതി തുടർന്നും നിലനിറുത്തുമോ ; ഇതിനായി എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

മാലിന്യ സംസ്ക്കരണ പ്ലാന്റുകള്‍ സ്ഥാപിക്കുവാന്‍ നടപടി

393 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ പഞ്ചായത്തു പ്രദേശങ്ങളിലും പഞ്ചായത്തു വകുപ്പിന്റെ ഉടമസ്ഥതയില്‍ മാലിന്യ സംസ്ക്കരണ പ്ലാന്റുകള്‍ സ്ഥാപിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വ്യാപകമായ മാലിന്യ പ്രശ്നങ്ങള്‍ പരിഹരിക്കുവാന്‍ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ടുള്ള ഒരു സമഗ്രപദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>മാലിന്യനിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടികൾ</u>

394 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും പ്രാധാന്യം നൽകുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ ശുചിത്വ ശുചീത്വ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മാലിന്യമുക്ത കേരളം പദ്ധതി</u>

395 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത കേരളം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഖരമാലിന്യ സംസ്കരണത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് പദ്ധതി ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണ സംവിധാനങ്ങൾ</u>

396 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഫ്ളാറ്റുകളിലും ചെറിയ പ്രദേശങ്ങളിൽ വീടു വച്ച് താമസിക്കുന്നവർക്കും മാലിന്യനിർമ്മാർജ്ജനം വലിയ ഒരു പ്രശ്നമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) വീടുകളിൽ ചെറിയ മുതൽമുടക്കിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം</u>

397 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് മന്ത്രിതല ഉപസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടോ;

(ബി) പ്രസ്തുത ഉപസമിതി എത്രതവണ യോഗം ചേർന്നുവെന്നും ഏതെല്ലാം വിഷയങ്ങളിൽ തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ തൊഴിലുറപ്പു പദ്ധതി</u>

398 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിപ്പണിയുമായി ബന്ധപ്പെടുത്തി തൊഴിലുറപ്പു പദ്ധതി ഏതെങ്കിലും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര പഞ്ചായത്തുകളിൽ എന്നു വ്യക്തമാക്കാമോ ;

(സി) ബാക്കി പഞ്ചായത്തുകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി</u>

399 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ ആശ്രയ പദ്ധതി നടപ്പിലാക്കിയെന്നു വ്യക്തമാക്കാമോ ;

(ബി) എല്ലാ പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

സ്വയംസഹായ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനം

400 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംസഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) സ്വയംസഹായ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും വിപണി സൗകര്യം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ പ്രവര്‍ത്തനം</u>

401 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്ത്രീ ശാക്തീകരണ രംഗത്ത് കാര്യക്ഷമമായ പ്രവര്‍ത്തനം കാഴ്ചവച്ച കുടുംബശ്രീയുടെ പ്രവര്‍ത്തനങ്ങളെ കൂടുതല്‍ കാര്യക്ഷമമാക്കാന്‍ പുതിയ പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കില്‍ അവ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കുടുംബശ്രീ യൂണിറ്റുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ കീഴിൽ ബാലസഭകൾ</u>

402 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ കീഴിൽ എത്ര ബാലസഭകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ലതിരിച്ചു വ്യക്തമാക്കുമോ ;

(ബി) ബാലസഭകൾ വഴി എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു വരുന്നതായി അറിയിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണ ധനസഹായ തുക വർദ്ധിപ്പിക്കുവാൻ നടപടികൾ</u>

403 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുർബ്ബലവിഭാഗങ്ങൾക്ക് നൽകുന്ന ഭവന നിർമ്മാണ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ:

(ബി) മെറ്റീരിയൽസിന്റെ വില വർദ്ധിപ്പിച്ചതിന് ആനുപാതികമായി ധനസഹായതുകയുടെ വർദ്ധനവും പരിഗണിക്കുമോ:

(സി) ഇതുസംബന്ധിച്ച് ലോക്കൽ ബോഡികളുടെ പരാതിയും ദുർബ്ബലവിഭാഗങ്ങളുടെ പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഇ. എം. എസ്. ഭവന പദ്ധതി

404 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ഭവന പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകളാണ് നിർമ്മിച്ചു നൽകിയിട്ടുള്ളത് ;

(ബി) പണി പൂർത്തീകരിക്കാൻ കഴിയാതെ വന്ന പഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്കും അവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സഹായം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഇ.എം.എസ്. പാര്‍പ്പിട പദ്ധതി</u>

405 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇ.എം.എസ്. പാര്‍പ്പിട പദ്ധതിയില്‍ ഇപ്പോള്‍ വീടുകള്‍ പണിയാനും, പൂര്‍ത്തീകരിക്കാനും പറ്റാത്ത നിരവധി തടസ്സങ്ങള്‍ നിലനില്‍ക്കുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ എന്തൊക്കെ തടസ്സങ്ങളാണ് നിലനില്‍ക്കുന്നത്;

(സി) ഇതു പരിഹരിച്ച് വീട് പണി പൂര്‍ത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>തുറവൂർ സി. എച്ച്. സി. യുടെ വികസനം</u>

406 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറവൂർ സി. എച്ച്.സി യുടെ വികസനത്തിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കാൻ പോകുന്നത്; ആയതിന് എത്ര രൂപയാണ് ഇപ്പോൾ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് റവന്യൂ വകുപ്പിൽ അടച്ചിട്ടുളളത്; എങ്കിൽ എത്ര രൂപ കൂടിയാണ് വേണ്ടിവരുന്നത്; അത് എങ്ങനെ കണ്ടെത്താനാണ് ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ചിട്ടുളളത്;

(ബി) ഏതെല്ലാം പഞ്ചായത്തുകളാണ് അദ്യഘട്ടം ഭൂമി ഏറ്റെടുക്കലിന് എത്ര രൂപ വീതം നൽകിയത്; കൂടുതൽ തുക അടക്കുവാനായി വിളിച്ചുചേർത്ത വിപുലമായ യോഗത്തിൽ സ്ഥലം എം.എൽ.എ യെ ക്ഷണിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരം യോഗങ്ങൾ വിളിച്ചുചേർക്കുമ്പോൾ സ്ഥലം എം.എൽ.എ മാരെ കൂടി പങ്കെടുപ്പിച്ചേ യോഗങ്ങൾ ചേരാവൂ എന്ന കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>'മാരാരി മഷ്റൂം' പദ്ധതി</u>

407 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

'മാരാരി മഷ്റൂം' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

മണൽക്കടവുകളിലെ കരിഞ്ചന്തയും മാഫിയ പ്രവർത്തനവും തടയാൻ നടപടി

408 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽക്കടുകളിലെ കരിഞ്ചന്തയും മാഫിയ പ്രവർത്തനവും തടയാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കടവുകളിൽ ലഭ്യമാകുന്ന മണലിന്റെ 75% വീടും മറ്റും നിർമ്മിക്കുന്നതിനായി നേരിട്ട് അപേക്ഷ നൽകിയവർക്കായി മാറ്റിവെയ്ക്കണമെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

കുറ്റ്യാടി ഗ്രാമപഞ്ചായത്തിനെതിരായ കേസ്

409 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ്, മെമ്പർമാർ, സെക്രട്ടറി എന്നിവർക്കെതിരെ വൈദ്യ ര്കണ്ടി കുഞ്ഞമ്മത് എന്ന സ്വകാര്യ വ്യക്തി കേസ് ഫയൽ ചെയ്തിട്ടുണ്ടോ എന്നും കേസിനാസ്പദമായ കുറ്റാരോപണം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ വ്യക്തി സ്വാഭാവിക നീർച്ചാലുകൾ നികത്തിയത് പുനഃസ്ഥാപിച്ച നടപടി നിലനിർത്തുവാൻ ഇപ്പോഴത്തെ ഭരണസമിതി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പഞ്ചായത്ത് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

410

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഓഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിൽ വന്നിട്ട് എത്ര വർഷമായി;

(ബി) സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാത്തതിനാൽ ഉദ്യോഗസ്ഥർ അമിത ജോലി ഭാരത്താൽ കഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സീനിയറായ അപ്പർ ഡിവിഷൻ ക്ലാർക്കുമാരെ അക്കൗണ്ടന്റ് എന്ന പുതിയ തസ്തിക സൃഷ്ടിച്ച് പ്രമോഷൻ നൽകിയപ്പോൾ കുറെ അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ തസ്തികകൾ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരത്തിൽ നഷ്ടപ്പെട്ട തസ്തികകൾ നിലനിർത്തുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തു വകുപ്പിൽ എൻജിനീയർമാരുടെയും ഓവർസിയർമാരുടെയും നിയമനം സംബന്ധിച്ച്</u>

411 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു വകുപ്പിൽ എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ തസ്തികകളിലും സമയബന്ധിതമായി നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ഓവർസീയർമാരുടേയും എ.ഇ.മാരുടേയും നിയമനം</u>

412 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഓവർസീയർമാരുടേയും എ.ഇ. മാരുടേയും എത്ര തസ്തികകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും ഏതൊക്കെ തസ്തികകളാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(സി) ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സ്ഥിരം നിയമനം

413 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എലത്തൂർ നിയോജക മണ്ഡലത്തിലെ കുരുവെട്ടൂർ, കക്കോടി കാക്കുർ, തലക്കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സ്ഥിരം നിയമനം ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അഭാവം നിമിത്തം മരാമത്തു പണികൾ മുടങ്ങുന്ന കാര്യം പരിഗണിച്ച് അടിയന്തിരമായി മേൽപ്പറഞ്ഞ തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

താത്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ

414 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ 10 വർഷം സേവനം പൂർത്തിയാക്കിയ എത്ര താത്കാലിക ഡ്രൈവർമാർ ജോലി ചെയ്യുന്നു ;

(ബി) ഇടുക്കി ജില്ലയിൽ 10 വർഷം പൂർത്തീകരിച്ച എത്ര പേർ ജോലി ചെയ്യുന്നു ;

(സി) ഇപ്രകാരം 10 വർഷം പൂർത്തിയാക്കിയ ഇവരെ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് പാർടൈം ലൈബ്രേറിയൻമാരുടെ അലവൻസ്</u>

415 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് ലൈബ്രറികളിലെ പാർടൈം ലൈബ്രേറിയൻമാരുടെ അലവൻസ് എത്രയാണ്;

(ബി) പ്രസ്തുത തുക തുലോം പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അലവൻസ് വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുവാൻ നടപടി

416 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറി തസ്തിക ഏകീകരിച്ചെങ്കിലും എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ലെന്ന് വ്യക്തമാക്കാമോ ;

(സി) ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ പ്രവര്‍ത്തനം</u>

417 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്താകെ കുടുംബശ്രീയുടെ കീഴില്‍ എത്ര സ്ത്രീകള്‍ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ എത്ര വീതം സി.ഡി.എസ്.-എ.ഡി.എസ്. -എന്‍.എച്ച്.ജി.കള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ശൈശവവിവാഹങ്ങൾ തടയുന്നതിന് നടപടി

418 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശൈശവ വിവാഹങ്ങൾ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉണ്ടെങ്കിൽ സർവ്വേയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ ചികിത്സാ പദ്ധതി</u>

419 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ ചികിത്സയ്ക്ക് കഴിഞ്ഞ സർക്കാർ എന്തെങ്കിലും പ്രത്യേക ചികത്സാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്തും മേൽ പദ്ധതി തുടർന്ന് നടപ്പിലാക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ

420 ശ്രീ.എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത് പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) എവിടെയൊക്കെയാണ് ഇത്തരം ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മഹിളാമന്ദിരങ്ങളിൽ കഴിയുന്ന കുട്ടികളുടെ ക്ഷേമ പദ്ധതികൾ</u>

421 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ മഹിളാമന്ദിരങ്ങളിൽ കഴിയുന്ന ആറുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പ്രത്യേക ഭക്ഷണം നൽകുന്നുണ്ടോ;

(ബി) ഈ കുട്ടികൾക്ക് പാൽ നൽകുവാൻ സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഇവിടെ അമ്മമാരുടെ കൂടെ കുട്ടികൾക്ക് 12 വയസ്സുവരെ കഴിയുവാൻ അനുമതി നൽകുമോ;

(ഡി) ഇവിടെയുള്ള പെൺകുട്ടികളുടെ വിവാഹ ധനസഹായം നിലവിലുള്ള തുച്ഛമായ തുകയായ 10000/- രൂപയിൽ നിന്ന് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

മഹിളാ മന്ദിരങ്ങളിലെ അന്യ സംസ്ഥാന അന്തേവാസികളെ സ്വന്തം സംസ്ഥാനങ്ങളിൽ എത്തിക്കുന്നതിന് നടപടി

422 ശ്രീ.വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന മഹിളാ മന്ദിരങ്ങളിലെ അന്തേവാസികളായ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള നിരാലംബരായ സ്ത്രീകളെ, സ്വന്തം സംസ്ഥാനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇപ്രകാരം എത്ര അന്യസംസ്ഥാന അന്തേവാസികൾ ഇപ്പോൾ കേരളത്തിലെ മഹിളാ മന്ദിരങ്ങളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമപെന്‍ഷന്‍ കുടിശ്ശിക തീര്‍ക്കാന്‍ നടപടി</u>

423 ശ്രീ.ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിധവാ പെന്‍ഷന്‍, വികലാംഗപെന്‍ഷന്‍, വയോജന പെന്‍ഷന്‍, അന്‍പതു വയസ്സുകഴിഞ്ഞ അവിവാഹിതകള്‍ക്കുള്ള പെന്‍ഷന്‍ എന്നീ സാമൂഹ്യ ക്ഷേമ പെന്‍ഷനുകള്‍ എത്ര മാസമായി കുടിശ്ശികയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുവാന്‍ എത്ര തുക വേണ്ടിവരുമെന്നും കുടിശ്ശിക വിതരണം ചെയ്യുവാന്‍ സ്വീകരിച്ച നടപടികള്‍ എന്തെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സാമൂഹ്യക്ഷേമ പെന്‍ഷനുകള്‍ 2011 മാര്‍ച്ച് 31 വരെ കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിന് പതിനാലുജില്ലകള്‍ക്കും ഫണ്ട് ലഭ്യമാക്കുകയും സര്‍പ്ലസ് ഫണ്ട് ഉണ്ടായതിനെതുടര്‍ന്ന് തിരിച്ചടയ്ക്കുകയും ചെയ്യുകയുണ്ടായോ ; എങ്കില്‍ ഏതെല്ലാം ജില്ലകള്‍ എത്ര തുക വീതം സര്‍പ്ലസ് ഫണ്ട് തിരിച്ചടയ്ക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെൻഷനുകളും അവയുടെ വിതരണവും</u>

424 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യ കാല പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ബി. പി. എൽ. കുടുംബാംഗമല്ലാത്ത നിർധനരായ വൃദ്ധജനങ്ങൾക്കു കൂടി വാർദ്ധക്യകാല പെൻഷൻ ലഭിക്കത്തക്ക രീതിയിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര പേർ വാർദ്ധക്യ കാല പെൻഷൻ വാങ്ങുന്നുണ്ട്;

(ഡി) ഓണത്തിന് മുമ്പ് എല്ലാ ക്ഷേമ പെൻഷനുകളും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഏതു കാലയളവുവരെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം നടത്തിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വാര്‍ദ്ധക്യ പെന്‍ഷന്‍ ഉത്തരവിറക്കാന്‍ നടപടി

425 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാര്‍ദ്ധക്യ പെന്‍ഷന്‍ ലഭിക്കുന്നതിന് നിലവിലുളള ബി.പി.എല്‍. ലിസ്റ്റില്‍ പേര് ഉള്‍പ്പെടണമെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കില്‍ ഇക്കാര്യത്തില്‍ ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവിറക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ബാലവേല തടയുന്നതിന് നടപടി

426 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജില്ലയിലെ കാസർഗോഡ് ഭാഗങ്ങളിൽ സമ്പന്ന ഗൃഹങ്ങളിൽ വ്യാപകമായുള്ള ബാലവേല തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് തന്റേടം ജൻഡർ പാർക്ക് നിർമ്മിക്കാൻ</u>

427 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ ''തന്റേടം ജൻഡർ'' പാർക്ക് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ആശ്വാസ കിരണം പദ്ധതി</u>

428 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആശ്വാസ കിരണം പദ്ധതി' വിശദീകരക്കാമോ;

(ബി) ഈ പദ്ധതി മുഖേന കെയർ ടേക്കർമാർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് എത്ര തുക വീതം ഈ പദ്ധതി വഴി ധനസഹായമായി വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പുനരധിവാസ പദ്ധതി

429 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പുനരധിവാസത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബുദ്ധിവൈകല്യം വന്ന കുട്ടികൾക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഇവരുടെ ചികിത്സയ്ക്കും മറ്റ് ചെലവുകൾക്കും സാമൂഹ്യക്ഷേമവകുപ്പ് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(ഡി) കുട്ടികൾക്കോ അവരുടെ രക്ഷിതാക്കൾക്കോ പെൻഷനോ മറ്റ് ധനസഹായങ്ങളോ നൽകുന്നുണ്ടോ? എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുവാൻ ആർക്കാണ് അപേക്ഷ നൽകേണ്ടത് ;

(ഇ) ബുദ്ധിവൈകല്യം ഉള്ള കുട്ടികളെ ഡോക്ടർ വീട്ടിലെത്തി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) അവരെ ചികിത്സിക്കാനും പഠിപ്പിക്കാനും നേതൃത്വം നൽകുന്ന ഏജൻസി ഏതാണ്;

(ജി) അവരുടെ പരിപാലനത്തിന് ചെലവേറുമെന്നതിനാൽ പ്രത്യേക സഹായം നൽകാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ?

(എച്ച്) ഇപ്രകാരമുള്ള കുട്ടികൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേക ഫണ്ട് കിട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ ഏതെല്ലാമാണ് ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ശേഷിയിൽ വ്യത്യസ്തരായവർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ നടപടി

430 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
'' എൻ. ഷംസുദ്ദീൻ
'' സി. മോയിൻകുട്ടി
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'ഡിഫറന്റ്ലി ഏബിൾഡ്' ആയിട്ടുള്ളവരുടെ കൃത്യമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് അത് നടത്തിയതെന്നും എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നും അതിനായി എന്തു തുക ചെലവായി എന്നും വിശദമാക്കുമോ ;

(സി) ഇവർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ മുഖേന കാർഡ് വിതരണം നടത്തിയിട്ടുണ്ടെന്നും, ഓരോ സ്ഥാപനവും എത്ര പേർക്ക് വീതം വിതരണം നടത്തിയിട്ടുണ്ടന്നും ഓരോ സ്ഥാപനത്തിനും എന്തു തുക വീതം നൽകിയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ വിതരണം ചെയ്ത കാർഡുകൾ ഏതെല്ലാം ആവശ്യങ്ങൾക്ക് സ്വീകാര്യമായിരിക്കുമെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ടൊ ;

(ഇ) ഈ കാർഡിന് വാലിഡിറ്റി പീരീഡ് നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മാനസികവൈകല്യമോ അംഗവൈകല്യമോ ഉള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായം</u>

431 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാനസികവൈകല്യമോ അംഗവൈകല്യമോ ഉള്ള വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിന് എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമടക്കമുള്ള വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ

432 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാമിഷന്റെ പ്രവർത്തനലക്ഷ്യങ്ങളെന്തൊക്കെയാണ്;

(ബി) ഇത് രൂപീകൃതമായതുമുതൽ നടത്തിയ ജനക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ നാളിതുവരെയുള്ള സാമ്പത്തികസ്രോതസ്സും ചെലവും പട്ടികതിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിന്റെ നാളിതുവരെയുള്ള പ്രവർത്തനഫലമായി പൊതുജനങ്ങളിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എന്തൊക്കെ നേട്ടങ്ങളുണ്ടായി എന്നും വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മുഴുവന്‍ വികലാംഗരെയും ബി. പി. എല്‍. ലിസ്റ്റില്‍ ഉള്‍പ്പെടുത്താന്‍ നടപടി</u>

433 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മുഴുവന്‍ വികലാംഗരും നിലവില്‍ ബി. പി. എല്‍ ലിസ്റ്റില്‍ ഇല്ലായെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മുഴുവന്‍ വികലാംഗരെയും ബി. പി. എല്‍. ലിസ്റ്റില്‍ ഉള്‍പ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

നിയമനങ്ങളിൽ വികലാംഗർക്കുള്ള സംവരണം

434 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമനങ്ങളിൽ വികലാംഗർക്ക് അവകാശപ്പെട്ട മൂന്നു ശതമാനത്തിൽ ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ:

(ബി) എങ്കിൽ കുടിശ്ശിക നിയമനം നികത്തുന്നതിനായി എന്തൊക്കെ അടിയന്തിരനടപടികൈക്കൊള്ളും എന്നു വ്യക്തമാക്കുമോ;

(സി) ഇവരുടെ സംവരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഭാവിയിൽ സർക്കാർ നിയമനങ്ങളിൽ ഈ വിഭാഗങ്ങളുടെ സംവരണചോർച്ച തടയുന്നതിനും അതുവഴി നിയമനം ഉറപ്പാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

നവജാതശിശുക്കൾക്ക് പതിനായിരം രൂപ ബാങ്കിൽ നിക്ഷേപം

435 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനിക്കുന്ന കുട്ടികളുടെ പേരിൽ പതിനായിരം രൂപ ബാങ്കിൽ നിക്ഷേപിക്കുന്ന ക്ഷേമ പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുത ക്ഷേമ പദ്ധതി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്താൻ നടപടി

436 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ കുട്ടികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്ന യാതൊരു നിർദ്ദേശവുമില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിറന്നു വീഴുന്ന ഓരോ കുഞ്ഞിനും 10,000/- രൂപ സ്ഥിര നിക്ഷേപം ഏർപ്പെടുത്തിയ മുൻ സർക്കാരിന്റെ തീരുമാനം നടപ്പാക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷയ്ക്കായി നടപടികള്‍

437 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വനിതകള്‍ക്കും കുട്ടികള്‍ക്കും നേരെ അതിക്രമങ്ങള്‍നടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി സാമൂഹ്യക്ഷേമ വകുപ്പ് എന്തൊക്ക നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സംയോജിത ശിശു വികസന പദ്ധതി പ്രോജക്ട് ഓഫീസർ തസ്തികയിലെ നിയമനം</u>

438 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ സി. ഡി. പി. ഒ മാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

(ബി) ഇതിൽ എത്ര തസ്തികകളിലേക്കാണ് നേരിട്ടു നിയമനം നടത്തുന്നത് ;

(സി) ബാക്കിയുള്ള പ്രമോഷൻ തസ്തികകൾ ഐ. സി. ഡി. എസ്. സൂപ്പർവൈസർമാർക്കുമാത്രമായി സംവരണം ചെയ്തുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ഡി) പ്രസ്തുത സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുവാൻ നീക്കം നടക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>തണൽ പദ്ധതിയ്ക്കുള്ള   സർക്കാർ ധനസഹായം</u>

439 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജക മണ്ഡലത്തിലെ 60 വയസ്സ് കഴിഞ്ഞ 25000 പേരടങ്ങുന്ന ബഹുജന പ്രസ്ഥാനമായ 'തണൽ' എന്ന പദ്ധതിയുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മാതൃകാ പദ്ധതിക്ക് സർക്കാരിന്റെ പ്രത്യേക ധനസഹായം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

പുന്നപ്ര സർവ്വോദയശാന്തിഭവൻ പങ്കുവയ്ക്കൽ എന്ന സ്ഥാപനത്തിന് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

440 ശ്രീ. ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർവ്വോദയശാന്തിഭവൻ പങ്കുവയ്ക്കൽ എന്ന സ്ഥാപനം സാമൂഹ്യക്ഷേമവകുപ്പ് മുഖാന്തിരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുനടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) 160 ലധികം അന്തേവാസികൾ താമസിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് അംഗീകാരം നൽകുന്നതിന് നിയമപരമായ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ</u>

441 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) രജിസ്റ്റര് ചെയ്യാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ മറവിൽ നടത്തുന്ന പലവിധ തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഇംപ്ലാന്റേഷൻ സർജറിക്ക് ചികിത്സാധനസഹായം

442 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബധിരരും, മൂകരുമായ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് ചികിത്സാധനസഹായം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ലഭിച്ച അപേക്ഷകളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷകർക്ക് എന്നത്തേക്ക് ചികിത്സാധനസഹായം ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

കോക്ലിയർ - ഇംപ്ലാന്റേഷൻ പദ്ധതി - സർക്കാർ സഹായത്തിന് നടപടി

443 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബധിരരും-മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടത്തുന്നതിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ നിന്ന് സഹായം ലഭിക്കുന്നതിനായി അപേക്ഷ നൽകേണ്ട വിധവും അർഹരായവരെ തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയോ ; എങ്കിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇവർക്ക് എന്നു മുതൽ സഹായം അനുവദിയ്ക്കുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പെന്‍ഷനുകളുടെ വിതരണം</u>

444 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കര്‍ഷകത്തൊഴിലാളികള്‍ അടക്കമുള്ള പാവപ്പെട്ടവര്‍ക്കും അശരണര്‍ക്കുമുള്ള പെന്‍ഷനുകള്‍ ഓണത്തിന് മുന്‍പ് വിതരണം ചെയ്യാതിരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ അവ ഉടനെ വിതരണം ചെയ്യാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

അംഗൻവാടികൾ അനുവദിക്കുന്നതിന് നടപടി

445 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പുതുതായി എത്ര അംഗനവാടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷംപുതുതായി അംഗൻവാടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) തളിപ്പറമ്പ് മണ്ഡലത്തിൽ പുതിയ അംഗൻവാടി ആരംഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കി എന്നത്തേക്ക് പുതിയവ അംഗീകരിക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

അംഗന്‍വാടി ജീവനക്കാര്‍ക്ക് യൂണിഫോം വിതരണപദ്ധതി

446 ശ്രീ. വി.റ്റി.ബല്‍റാം
'' ബെന്നി ബെഹനാന്‍
'' അന്‍വര്‍ സാദത്ത്
'' ഐ.സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ കാലത്ത് കേന്ദ്രസര്‍ക്കാര്‍ അംഗന്‍വാടി ജീവനക്കാര്‍ക്ക് അനുവദിച്ച യൂണിഫോം വിതരണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ യൂണിഫോം പദ്ധതിയിലെ ക്രമക്കേടുകള്‍ സംബന്ധിച്ച് എന്തെങ്കിലും പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഈ ക്രമക്കേടുകള്‍ സംബന്ധിച്ച് വിജിലന്‍സ് അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി</u>

447 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടേയും ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും പണിയുന്നതിന് ധനസഹായം നൽകുമോ; പല അംഗൻവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടി ഹെൽപ്പർമാരേയും വർക്കർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതമേഖലയിലെ ആശ്വാസ നടപടികൾ

448 ശ്രീ. വി.ഡി. സതീശൻ
'' വർക്കല കഹാർ
'' സി.പി. മുഹമ്മദ്
'' എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോ സൾഫാൻ ദുരിത മേഖലയിൽ സാമൂഹ്യ ക്ഷേമ വകുപ്പ് എന്തെല്ലാം ആശ്വാസനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇവർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി എന്തൊക്കെ ധനസഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) ഇവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന് ഒരു സമഗ്ര സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കെ. എസ്. എസ്. എം. മുഖേന എൻഡോസൾഫാൻ ദുരിത മേഖലകളിൽ നടപ്പാക്കിയ പദ്ധതികൾ</u>

449 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതമേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കെ. എസ്. എസ്. എം. മുഖേനയുള്ള എൻഡോസൾഫാൻ ദുരിതബാധിതമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുതിയ ഏതെങ്കിലും പദ്ധതി കെ. എസ്. എസ്. എം. മുഖേന നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>വികലാംഗക്ഷേമത്തിനായുള്ള പദ്ധതികൾ</u>

450 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തൊഴിലവസരങ്ങൾ അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ വകുപ്പിലെ തസ്തികകൾ</u>

451 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001-06 കാലയളവിൽ സാമൂഹ്യക്ഷേമ വകുപ്പിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) 2006-11 കാലയളവിൽ എത്ര തസ്തികകൾ വെട്ടിക്കുറക്കുകയുണ്ടായെന്നും എത്ര തസ്തികകൾ പുതിയതായി സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര താൽക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയത്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതി</u>

452 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സൂരക്ഷാ മിഷനു കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതി നടത്തിപ്പിന്റെ സംഘടനാ സംവിധാനം വ്യക്തമാക്കുമോ;

(സി) നിലവിലുളള സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്ന കാര്യത്തിലുളള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>'ആശ്വാസ കിരണം' പദ്ധതി</u>

453 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആശ്വാസ കിരണം' പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) വീടിനുള്ളിൽ അവശനിലയിൽ കഴിയുന്നവരുടെ, വിശിഷ്യാ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി ഈ പദ്ധതി പ്രകാരം എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(സി) പദ്ധതിക്കായി എത്ര തുക ചെലവഴിക്കും; ചെലവിനായുള്ള സാമ്പത്തിക സ്രോതസ്സ് വിശദമാക്കുമോ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ടതും ഭാവിയിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

## ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ

454 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗതി പുനരധിവാസം ലക്ഷ്യമാക്കി സർക്കാർ രൂപം നൽകിയ ആശ്രയ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എത്ര പഞ്ചായത്തുകളിൽ പദ്ധതിക്ക് ഇതിനകം തുടക്കം കുറിച്ചു; എത്ര പേരെ പുനരധിവസിപ്പിച്ചു;

(സി) പദ്ധതിക്കായി എത്ര തുക ചെലവഴിക്കും; പദ്ധതി നടപ്പാക്കുന്നതിൽ വൈമുഖ്യം കാണിക്കുന്ന പഞ്ചായത്തുകളോടുള്ള സർക്കാർ സമീപനം എന്തായിരിക്കും; വിശദാംശങ്ങൾ വ്യക്തമാക്കുമോ?